ഉത്തരം

(എ) കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 9(1) പ്രകാരം നഗര സഭകളിലേയും ത്രിതലപഞ്ചായത്തുകളിലേയും എക്സിക്യൂട്ടീവ് അതോറിറ്റി ഒരു സാമ്പത്തിക വർഷത്തെ സംബന്ധിച്ച അക്കൗണ്ടുകൾ, നിശ്ചിത മാതൃകയിൽ തയ്യാറാക്കി ആ സാമ്പത്തിക വർഷം അവസാനിച്ച് നാലുമാസത്തിനകം (ജൂലായ് 31-നകം) ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഭൂരിഭാഗം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിശ്ചിത സമയപരിധിക്കുള്ളിൽ കണക്കുകൾ സമർപ്പിക്കാറില്ല.

(ബി) ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമചട്ടപ്രകാരം വാർഷിക കണക്കുകൾ ഹാജരാക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ചു നൽകുന്നതിന് വ്യവസ്ഥയില്ല.

(സി) ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 9(2) പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതിൽ എക്സിക്യൂട്ടീവ് അതോറിറ്റി വീഴ്ച വരുത്തിയാൽ, അയാൾക്ക് മൂവായിരം രൂപയിൽ കവിയാത്തതും എന്നാൽ ആയിരം രൂപയിൽ കുറയാത്തതുമായ പിഴ ശിക്ഷ നൽകാൻ വ്യവസ്ഥയുണ്ട്. എന്നാൽ വിധിന്യായത്തിൽ രേഖപ്പെടുത്തേണ്ട ഏതെങ്കിലും മതിയായതും പ്രത്യേകവും ആയ കാരണങ്ങളാൽ കോടതിക്ക് ആയിരം രൂപയിൽ കുറഞ്ഞ പിഴ ശിക്ഷ ചുമത്താവുന്നതാണ്. ഇതിന് മുൻപായി തദ്ദേശസ്വയംഭരണ സ്ഥാപനാധികൃതർക്ക് ആക്ട് 9(3) വകുപ്പ് പ്രകാരമുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകി മറുപടിക്കായി 15 ദിവസത്തെ സാവകാശം അനുവദിക്കേണ്ടതാണ്. കണക്കുകൾ സമർപ്പിക്കാത്ത എക്സിക്യൂട്ടീവ് അതോറിട്ടിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി വരുന്നുണ്ട്. ജനകീയാസൂത്രണ കാലത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ 45 തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ പേരിൽ കേസ് ഫയൽ ചെയ്തു. തുടർന്ന് 44 സ്ഥാപനങ്ങൾ വാർഷിക കണക്കുകൾ സമർപ്പിച്ചതിനാൽ സെക്രട്ടറിമാരെ കുറ്റവിമുക്തരാക്കി. എന്നാൽ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ കോടതി ശിക്ഷിക്കുകയുണ്ടായി. ആലപ്പുഴ ജില്ലയിൽ 65 ഗ്രാമപഞ്ചായത്തുകൾ, ഒരു ബ്ലോക്ക് പഞ്ചായത്ത്, 4 നഗരസഭകൾ എന്നിവയ്ക്ക് എതിരെ വാർഷിക കണക്കുകൾ സമർപ്പിക്കാത്തതിന് കേസ് ഫയൽ ചെയ്തിട്ടുണ്ട്.

വനിതാ പോലീസ് തസ്തിക വർദ്ധിപ്പിക്കുവാൻ നടപടി

137 [441] *ശ്രീ. എം. വി. ജയരാജൻ:*
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയിൽ വനിതാ പോലീസിന്റെ തസ്തിക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ എത്ര തസ്തികയാണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് പറയാമോ;

(ഡി) ഇത് പോലീസ് സേനയുടെ എത്ര ശതമാനം വരും;

(ഇ) പോലീസ് സേനയുടെ 10% വനിതകൾക്കായി സംവരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) 1996-ലെ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വനിതാ പോലീസുകാരുടെ അംഗബലം പുരുഷ പോലീസുകാരുടെ അംഗബലത്തിന്റെ 10% ആയി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത വിഷയം സീനിയർ ഓഫീസേഴ്സ് കോൺഫറൻസിൽ ചർച്ച ചെയ്തു. പ്രസ്തുത യോഗം ജില്ലാ പോലീസ് കോൺസ്റ്റബുലറിയുടെ (ലോക്കൽ, ആംഡ് റിസർവ്വ് എന്നീ വിഭാഗങ്ങളിലെ എച്ച്സി/പിസി) 10%-നു തുല്യമായി വനിതകളുടെ തസ്തിക സൃഷ്ടിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന് സമർപ്പിച്ച നിർദ്ദേശം അംഗീകരിക്കുകയുണ്ടായി. 2003-ൽ നിലവിലുള്ള ലോക്കൽ/ആംഡ് റിസർവ്വ് എന്നീ വിഭാഗങ്ങളിലെ എച്ച്സി/പിസി (26456) എണ്ണത്തിന്റെ 10% ആക്കുന്നതിന്റെ ഭാഗമായി ഘട്ടം ഘട്ടമായി സൃഷ്ടിച്ച 1873 തസ്തികകൾ ഉൾപ്പെടെ 2645 വനിതാ കോൺസ്റ്റബിൾമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

(സി) 2645 തസ്തികകൾ.

(ഡി) പത്തു ശതമാനം.

(ഇ) നിലവിൽ തസ്തികകൾ ഒന്നുംതന്നെ വനിതകൾക്കായി സംവരണം ചെയ്തിട്ടില്ല. എന്നാൽ വനിതാ പോലീസ് കോൺസ്റ്റബിൾമാരുടെ അംഗസംഖ്യ, ലോക്കൽ, ആംഡ് റിസർവ്വ് എന്നീ വിഭാഗങ്ങളിലെ എച്ച്സി/പിസി മാരുടെ അംഗ സംഖ്യയുടെ (26456) 10% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകളിൽ വനിതാ പോലീസുകാരെയാണ് നിയമിച്ചുവരുന്നത്.

ഹെപ്പറ്റൈറ്റിസ് ബി-ക്ക് എതിരെയുള്ള പ്രതിരോധ കുത്തിവയ്പ്

138 [442] *ശ്രീ കെ. ബി. ഗണേഷ്കുമാർ:*
,, *ടി. എം. ജേക്കബ്:*
,, *ഷിബു ബേബിജോൺ:*
,, *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിലൂടെ 'ഹെപ്പറ്റൈറ്റിസ് ബി-ക്ക് എതിരെയുള്ള പ്രതിരോധ കുത്തിവയ്പ് നൽകുന്നുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly